"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് ജനപ്രതിനിധിയായിരുന്ന ശ്രീമതി.ജലജക്ക് ചികിത്സ സഹായം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2418/2023/LSGD തീയതി,തിരുവനന്തപുരം, 05-12-2023

---

പരാമർശം:-

1. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 14/11/2019 ലെ 19(1)-ാം നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.10.2023 ലെ LSGD/PD/17398/2023-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് ജനപ്രതിനിധിയായിരുന്ന ശ്രീമതി.ജലജക്ക് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ക്യാൻസർ രോഗത്തിന് ചികിത്സ നടത്തിയതിന് 112011/- രൂപ ചെലവായതായും, ഒരു പ്രത്യേക കേസായി പരിഗണിച്ച് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചികിത്സക്കായി ചെലവഴിച്ച തുക അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി പരാമർശം (1) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന സഹിതം പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് ജനപ്രതിനിധിയായിരുന്ന ശ്രീമതി.ജലജക്ക് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ക്യാൻസർ രോഗത്തിന് ചികിത്സ നടത്തിയ വകയിൽ ചികിത്സാ സഹായമായി നൽകുന്ന തുക പരമാവധി 112011/-(ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി പതിനൊന്ന് രൂപ മാത്രം) രൂപയിൽ അധികരിക്കരുതെന്നും ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷക ബാദ്ധ്യസ്ഥയാണെന്നുള്ള വ്യവസ്ഥയിൽ ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/ വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/308/2020-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
Date: 05-12-2023 14:48:31

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.